പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 239. 05.05.2017 -ലെ മറുപടിക്ക്.

**നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ പ്രതിസന്ധി**

ചോദ്യം | മറുപടി

**ശ്രീ.എൽദോസ് കുന്നപ്പിള്ളി**
**ശ്രീ.റോജി എം.ജോൺ**
**ശ്രീ.കെ.സി. ജോസഫ്**
**ശ്രീ. വി.എസ്. ശിവകുമാർ:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) നിർമ്മാണമേഖലയിൽ നിലനിൽക്കുന്ന തൊഴിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ)& (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണൽ വാരൽ നിരോധനം, ക്വാറികളിൽ പാറ പൊട്ടിക്കുന്നതിന് ഏർപ്പെടുത്തിയ നിരോധനം, ഇഷ്ടിക നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായ ക്ലേ എടുക്കുന്നതിന് ഏർപ്പെടുത്തിയ നിരോധനം എന്നിവ മൂലം നിർമ്മാണ സാമഗ്രികൾ സുലഭമായി ലഭിക്കുന്നില്ല. സിമന്റ്, കമ്പി എന്നിവയുടെ വില വർദ്ധനവ്, കടുത്ത വേനൽ മൂലമുള്ള ജലലഭ്യതക്കുറവ്, നോട്ട് നിരോധനം മൂലം വിപണിയിലും ക്രയശേഷിയിലുമുണ്ടായ മാറ്റങ്ങൾ എന്നിവ ഉൽപാദകരേയും ഉപഭോക്താക്കളേയും സാരമായി ബാധിച്ചിട്ടുണ്ട്. നോട്ട് നിരോധനത്തെത്തുടർന്ന് നിർമ്മാണരംഗത്ത് പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൃത്യമായി കൂലി ലഭിക്കാത്തതിനാൽ സ്വദേശത്തേയ്ക്ക് മടങ്ങിപ്പോകുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇവയെല്ലാം നിർമ്മാണ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. |
| (ബി) മണൽ ക്ഷാമം, സിമന്റിന്റെ വിലവർദ്ധനവ്, ജലക്ഷാമം എന്നിവ നിർമ്മാണ മേഖലയിലെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ